**പതിനാലാം കേരളനിയമസഭ**

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1895 — 15.07.2016 ന് മറുപടിയ്ക്ക്.

**വനം വകുപ്പ് സൂക്ഷിച്ചിട്ടുള്ള ആനക്കൊമ്പ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് വനം വകുപ്പ് സൂക്ഷിച്ചിട്ടുള്ള ആനക്കൊമ്പിന്റെ ഏകദേശ അളവ് എത്രയാണെന്ന് അറിയിക്കാമോ; | (എ) സംസ്ഥാനത്ത് വനം വകുപ്പ് സൂക്ഷിച്ചിട്ടുള്ള ആനക്കൊമ്പിന്റെ ഏകദേശ അളവ് 9 ടൺ ആണ്. |
| (ബി) ഇവ സൂക്ഷിക്കുന്നതിന് ഏത് രീതിയിലുള്ള സംവിധാനമാണ് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (ബി) വനം വകുപ്പ് ആസ്ഥാനത്തുള്ള സ്ട്രോങ്ങ് റൂമിലും, ജില്ലാ ട്രഷറികളിലും, വനം റെയിഞ്ച് ഓഫീസുകളിലെ സ്ട്രോങ്ങ് റൂമിലുമാണ് ആനക്കൊമ്പുകൾ സൂക്ഷിക്കുന്നത്. |
| (സി) വനം വകുപ്പ് സൂക്ഷിച്ചിട്ടുള്ള ആനക്കൊമ്പുകൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ; | (സി) വനം വകുപ്പ് സൂക്ഷിച്ചിട്ടുള്ള ആനക്കൊമ്പുകൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് നാളിതുവരെ നിർദ്ദേശങ്ങളൊന്നും കേന്ദ്രസർക്കാർ നൽകിയിട്ടില്ല. |
| (ഡി) ആനക്കൊമ്പ് കത്തിച്ചു കളയാനാണോ മ്യൂസിയത്തിൽ സൂക്ഷിക്കാനാണോ തീരുമാനിച്ചിട്ടുള്ളതെന്നു വ്യക്തമാക്കാമോ? | (ഡി) ഇതു സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ